## പതിനാലാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1740 | | 31.01.2018-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| ക്ഷേമ പെൻഷനുകളുടെ അപേക്ഷകൾ | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ.പി.ഉബൈദുള്ള | | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി | |
| (എ) | സംസ്ഥാനത്ത് വിവിധ ക്ഷേമ പെൻഷനുകളുടെ അപേക്ഷകൾ സ്വീകരിക്കുന്നത് നിർത്തിവെച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) | പ്രാദേശിക സർക്കാരുകൾ മുഖാന്തിരം അപേക്ഷിക്കുന്ന സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ അപേക്ഷകൾ സ്വീകരിക്കുന്നത് നിർത്തിവച്ചിട്ടില്ല. |
| (ബി) | പെൻഷൻ ഗുണഭോക്താക്കളുടെ വിവര ശേഖരണവും സത്യവാങ്മൂലം രേഖപ്പെടുത്തുന്ന ജോലികളും പൂർത്തികരിച്ചിട്ടുണ്ടോ; | (ബി) | നിലവിലുള്ള പെൻഷൻ ഗുണഭോക്താക്കളുടെ വിവരശേഖരണവും സത്യവാങ്മൂലം രേഖപ്പെടുത്തുന്ന ജോലികളും പൂർത്തിയായിട്ടുണ്ട്. ഏപ്രിൽ 2017 ന് ശേഷം പുതുതായി പെൻഷൻ അനുവദിച്ചിട്ടുള്ള ഗുണഭോക്താക്കളുടെ വിവരശേഖരണവും സത്യവാങ്മൂലവും രേഖപ്പെടുത്താനുണ്ട്. |
| (സി) | എങ്കിൽ അതുപ്രകാരം പെൻഷൻ വിതരണം പൂർത്തീകരിച്ചിട്ടുണ്ടോ; | (സി) | പെൻഷൻ സത്യവാങ്മൂലം രേഖപ്പെടുത്തപ്പെട്ടിട്ടുള്ള എല്ലാ ഗുണഭോക്താക്കൾക്കും പെൻഷൻ വിതരണം ചെയ്തിട്ടുണ്ട്. |
| (ഡി) | ഗുണഭോക്താക്കൾക്ക് പെൻഷൻ കുടിശ്ശിക ഇനിയും നല്കാൻ ഉണ്ടെങ്കിൽ അത് എത്രയെന്നും കുടിശ്ശിക നൽകുവാൻ സ്വീകരിച്ച നടപടികളെന്തൊക്കെയെന്നും വിശദീകരിക്കാമോ? | (ഡി) | 711.81 കോടി രൂപ നിലവിൽ കുടിശ്ശിക ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. 2016 സെപ്റ്റംബറിൽ കുടിശ്ശിക ഇനത്തിൽ 1477.92 കോടി രൂപയും 2017 ആഗസ്റ്റ് മാസത്തിൽ 724.39 കോടി രൂപയും ചേർത്ത് ആകെ 2202.31 കോടി രൂപ കുടിശ്ശിക വിതരണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ